**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1130

14.6.2012ൽ
മറുപടിയ്ക്ക്

## ഹോട്ടലുകളിലെ ഭക്ഷ്യസാധനങ്ങളുടെ വിലനിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.റ്റി.ജോർജ് ;<br>ശ്രീ.ഹൈബി ഈഡൻ ;<br>ശ്രീ.പാലോട് രവി ;<br>ശ്രീ.എം.പി. വിൻസെന്റ് ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഹോട്ടലുകളിലെ ഭക്ഷ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ; | എ) ഹോട്ടലുകളിൽവിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ, നിയന്ത്രിക്കുന്നതിനോ ആവശ്യമായ നിയമം ഇപ്പോൾ നിലവിലില്ല. 1977 ലെ കേരളാ ഫുഡ് സ്റ്റഫ്സ് ഓർഡർ (ഡിസ്പ്ലേ ഓഫ് പ്രൈസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്സ്) അനുസരിച്ച് ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില പ്രദർശിപ്പിക്കേണ്ടതാണ്. ഇപ്രകാരം വില വിവരം പ്രദർശിപ്പിക്കാത്തവർക്കെതിരെ അവശ്യ വസ്തു നിയമ പ്രകാരം കർശന നടപടി സ്വീകരിക്കുന്നുണ്ട്. നിലവിൽ സർക്കാർ നിശ്ചയിക്കുന്ന കുറഞ്ഞ വിലയ്ക്ക് ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കുന്ന 9 മാവേലി ഹോട്ടലുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. |
| ബി) പാലിന്റെയും പാചകവാതകത്തിന്റെയും വിലയിൽ വർദ്ധനവ് ഉണ്ടാകുന്ന സാഹചര്യങ്ങളിൽ പല ഹോട്ടലുകളും അന്യായമായ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ചില ഹോട്ടലുകൾ വില വർദ്ധിപ്പിച്ച് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) എങ്കിൽ ഇത്തരം ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിക്കുമോ ; | സി) സംസ്ഥാനത്തെ ഹോട്ടലുകളിൽ വിൽക്കുന്ന ഭക്ഷണസാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനാവശ്യമായ നിയമം നിലവിലില്ല. നിലവിലുള്ള നിയമപ്രകാരം വില പ്രദർശിപ്പിക്കണം എന്ന് നിഷ്കർഷിക്കുവാൻ മാത്രമേ കഴിയുകയുള്ളൂ. ആയതിനാൽ അന്യായമായി വില ഈടാക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ കഴിയുന്നില്ല. |
| ഡി) സംസ്ഥാനത്ത് കൂടുതൽ ന്യായവില ഹോട്ടലുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | ഡി) സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ഇ) | അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ഹോട്ടലുടമകൾ നടത്തുന്ന വെജിറ്റേറിയൻ ഹോട്ടലുകളിൽ അമിതവില ഈടാക്കുന്നത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ ? | ഇ) | സംസ്ഥാനത്തെ ഹോട്ടലുകളിൽ വിൽക്കുന്ന ഭക്ഷണസാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനുള്ള നിയമം നിലവിലില്ല. നിലവിലുള്ള നിയമപ്രകാരം വില പ്രദർശിപ്പിക്കണം എന്ന് നിഷ്കർഷിക്കുവാൻ മാത്രമേ കഴിയുകയുള്ളൂ. ആയതിനാൽ അന്യായമായി വില ഈടാക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ